ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26.03.2025**

## പ്രധാനവാർത്തകൾ

1). **പാർലമെൻറിൽ ബജറ്റ് സമ്മേളന നടപടികൾ പുരോഗമിക്കുന്നു.**

2). **വയനാട് ദുരന്തബാധിതരുടെ വായ്പ എഴുതി തള്ളുകയാണ് വേണ്ടതെന്ന് ഹൈക്കോടതി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.**

3) **വയനാട് ദുരന്തബാധിതർക്കുള്ള പുനരധിവാസ ടൗൺഷിപ്പിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും.**

4). **സംസ്ഥാനത്ത് ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷകൾ പൂർത്തിയായി. മൂല്യനിർണ്ണയം അടുത്തമാസം മൂന്ന് മുതൽ.**

5). **സംസ്ഥാന യൂത്ത് ഐക്കൺ പുരസ്സ്കാരങ്ങൾ ഇന്ന് വിതരണം ചെയ്യും.**

6). **ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.**

RNUTVPM

==========================================

**<u>പാർലമെന്റ്</u>**

പാർലമെൻറിൽ ബജറ്റ് സമ്മേളന നടപടികൾ പുരോഗമിക്കുന്നു. ബാങ്കിങ് നിയമ ഭേദഗതി അടക്കമുള്ള ബില്ലുകൾ ഇന്ന് രാജ്യസഭ പരിഗണിക്കും. വിദ്യാഭ്യാസം വനിത, ശിശുവികസനം, യുവജന കാര്യ വകുപ്പുകൾ സംബന്ധിച്ച് പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി റിപ്പോർട്ട് ഇന്ന് രാജ്യസഭയുടെ മേശപ്പുറത്ത് വയ്ക്കും. ത്രിഭുവൻ സഹകാരി യുണിവേഴ്സിറ്റി ബിൽ 2025 ഇന്ന് ലോകസഭയുടെ പരിഗണനയിൽ വരും.

==============================================

**<u>വയനാട് വായ്പ എഴുതിത്തള്ളും</u>**

വയനാട് ദുരന്തബാധിതരുടെ വായ്പ എഴുതി തള്ളുകയാണ് വേണ്ടതെന്ന് ഹൈക്കോടതി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് പരിഗണിക്കവെയാണ് ഡിവിഷൻ ബെഞ്ച് ഇക്കാര്യം നിർദ്ദേശിച്ചത്. വായ്പാ തുക പുതിയ വായ്പയായി കണക്കാക്കി ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാമെന്ന കേന്ദ്ര നിർദ്ദേശത്തോട് കോടതി യോജിച്ചില്ല. ഇക്കാര്യത്തിൽ സത്യവാങ്മൂലം സമർപ്പിക്കാനും ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. പുനരധിവാസ പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകൾക്കുള്ള പണം ഈ മാസം 31നകം കൈമാറണം എന്നും കോടതി ആവശ്യപ്പെട്ടു.

RNU TVPM

==============================================

**<u>വയനാട് മുണ്ടക്കൈ - (ഇൻട്രോ)</u>**

മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള പുനരധിവാസ ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള

പ്ലോട്ടുകളിൽ ഒറ്റനിലയായാണ് വീടുകൾ നിർമിക്കുക. ഗുണഭോക്തൃപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽ അപേക്ഷ ഈ മാസം 30 വരെ സ്വീകരിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.....**

**(ഹോൾഡ് വോയ്സ്........)**

==========================================

**കാതോലിക്കാബാവ**

യാക്കോബായ സഭയുടെ പുതിയ അധിപനായി അഭിഷിക്തനായ ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്കാബാവായെ സ്വീകരിക്കാൻ യാക്കോബായ സുറിയാനി സഭയുടെ ആസ്ഥാനമായ പാത്രിയർക്കാ സെൻററിൽ ഒരുക്കങ്ങൾ ആരംഭിച്ചു. 30-ന് ഉച്ചയ്ക്ക് കൊച്ചിയിലെത്തുന്ന ശ്രേഷ്ഠ ബാവായെ സഭയിലെ മെത്രാപ്പൊലീത്തമാരും വൈദികരും വിശ്വാസികളും ചേർന്ന് സ്വീകരിക്കും. അനുമോദന സമ്മേളനം ഗവർണർ രാജേന്ദ്ര അർലേക്കർ ഉദ്ഘാടനം ചെയ്യും.
ഇന്നലെ ലെബനനിലാണ് സ്ഥാനാരോഹണ ചടങ്ങുകൾ നടന്നത്.

RNU TVPM

==========================================

**എസ്.എസ്.എൽ.സി ഹയർ സെക്കൻഡറി -(ഇൻട്രോ)**

സംസ്ഥാനത്തെ ഈ വർഷത്തെ എസ് എസ് എൽ സി പരീക്ഷ പൂർത്തിയായി. രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ വൈകുന്നേരം 4.15 ന് അവസാനിക്കും. ഉത്തരക്കടലാസുകളുടെ മൂല്യനിർണയം അടുത്ത മാസം 3 മുതൽ ആരംഭിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

**(വോയിസ്.................)**

==========================================

** റംസാൻ ഫെയർ**

സപ്ലൈകോയുടെ റംസാൻ ഫെയറുകൾക്ക് തുടക്കമായി. ഈ മാസം 30 വരെ നടക്കുന്ന ഫെയറുകളിൽ വിവിധ ഉൽപ്പന്നങ്ങൾക്ക് 40 ശതമാനം വരെ വിലക്കുറവ് ഉണ്ടാകും. അടുത്തമാസം പത്തിന് വിഷു-ഈസ്റ്റർ ഫെയറുകൾ തുടങ്ങും.

==========================================

**സഹകരണ നിക്ഷേപ സമാഹരണം**

സഹകരണ മേഖലയിൽ നടക്കുന്ന നിക്ഷേപ സമാഹരണ യജ്ഞം അടുത്തമാസം മൂന്നിന് അവസാനിക്കും. ദേശസാൽകൃത, ഇതര ബാങ്കുകളെക്കാളും കൂടുതൽ പലിശ സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് ലഭ്യമാക്കും വിധമാണ് നിക്ഷേപ സമാഹരണത്തിൽ പലിശ നിരക്ക് ക്രമീകരിച്ചിരിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളിലെ സ്ഥിരനിക്ഷേപ പലിശ നിരക്കിലാണ് മാറ്റം വരുത്തിയിരിക്കുന്നത്.

RNUTVPM

==========================================

**ബ്രേക്ക്.........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

**യൂത്ത് ഐക്കൺ**

കേരള സംസ്ഥാന യുവജന കമ്മീഷൻറെ യൂത്ത് ഐക്കൺ - യുവ പ്രതിഭാ പുരസ്കാരങ്ങൾ ഇന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മന്ത്രി കെ.എൻ. ബാലഗോപാൽ വിതരണം ചെയ്യും. നിഖില വിമൽ, വിനിൽ പോൾ, സജന സജീവൻ, ശ്രീവിദ്യ എം, ദേവൻ ചന്ദ്രശേഖരൻ, റോഷിപാൽ എന്നിവരാണ് യൂത്ത് ഐക്കൺ പുരസ്കാര ജേതാക്കൾ.

==========================================

**ഇടുക്കി - (ഇൻട്രോ)**

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് വനംവകുപ്പ് സംഘടിപ്പിച്ച 'ഗോത്രഭേരി' സെമിനാർ ശ്രദ്ധേയമായി. ആദിവാസി ഉന്നതികളിൽ താമസിക്കുന്നവരുടെ 'കാട്ടറിവുകൾ' തേടിയാണ് വനംവകുപ്പ് പരിപാടി സംഘടിപ്പിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**
**(വോയിസ്...............)**

==========================================

**സംസ്ഥാനം - കാലാവസ്ഥ**

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും കനത്ത മഴയ്ക്ക് സാധ്യത. ശക്തമായ മിന്നലിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യതയ്ക്കൊപ്പം കേരളത്തിൽ ഉയർന്ന താപനിലയും തുടരുകയാണ്.

RNU TVPM

==========================================

**മഴ ആലപ്പുഴ - (ഇൻട്രോ)**

വേനൽ മഴ കുട്ടനാട്ടിൽ നെൽ കർഷകരെ ആശങ്കയിലാക്കി. കൊയ്ത്തും നെല്ല് സംഭരണവും പുരോഗമിക്കുമ്പോഴാണ് വില്ലനായി മഴ വരുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി**
**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....**

**(വോയിസ്................)**

==========================================

## ഖേലോ ഇന്ത്യ പാരാ ഗെയിംസ്

ഖേലോ ഇന്ത്യ പാരാ ഗെയിംസ് നാളെ സമാപിക്കും. മെഡൽ പട്ടികയിൽ ഹരിയാനയാണ് മുന്നിൽ. തമിഴ്നാട് രണ്ടും ഉത്തർപ്രദേശ് മൂന്നും സ്ഥാനത്തുണ്ട്. കേരളം 11-ാം സ്ഥാനത്താണ്.

---

## ഇന്ത്യൻ വനിതാ ഫുട്ബോൾ

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരള എഫ്.സി ഇന്ന് കൊൽക്കത്തയിൽ നിന്നുള്ള ശ്രീഭൂമി എഫ്.സി യെ നേരിടും. കോഴിക്കോട് കോർപ്പറേഷൻ ഇ.എം.എസ് സ്റ്റേഡിയത്തിൽ പകൽ 3.30 നാണ് കളി.

---

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ഇന്നലെ അഹമ്മദാബാദിൽ നടന്ന മത്സരത്തിൽ പഞ്ചാബ് കിങ്സ് ഗുജറാത്ത് ടൈറ്റൻസിനെ 11 റൺസിന് പരാജയപ്പെടുത്തി.

RNU TVPM

---

## ഫുട്ബോൾ ലോകകപ്പ് യോഗ്യത

2026-ലെ ഫുട്ബോൾ ലോകകപ്പിലേക്ക് യോഗ്യതനേടി നിലവിലെ ചാമ്പ്യന്മാരായ അർജൻറീന. ബ്രസീലിനെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് വീഴ്ത്തിയാണ് അർജൻറീന ലോകകപ്പ് പ്രവേശം.

---

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 209 പോയിൻറ് നഷ്ടത്തിൽ 77,789 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 42 പോയിൻറ് ഇടിഞ്ഞ് 23,626-ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിൽ വർദ്ധന. പവന് 80 രൂപ വർദ്ധിച്ച് 65,560 രൂപയും ഗ്രാമിന് 8,195 രൂപയുമാണ് ഇന്നത്തെ വില.

==========================================

**സഹകരണ എക്സ്പോ**

സഹകരണ എക്സ്പോ മൂന്നാം പതിപ്പ് അടുത്ത മാസം 21-ന് തിരുവന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഒരുമയുടെ പൂരം എന്ന് പേരിട്ടിരിക്കുന്ന എക്സ്പോയിൽ സഹകരണ സംഘങ്ങളുടെ 400-ൽ പരം ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഉണ്ടാകും.

==========================================

**ആശാ പ്രവർത്തകർ - സമരം**

സംസ്ഥാനത്ത് ആശാ വർക്കർമാരുടെ അനിശ്ചിതകാല നിരാഹാര സമരം ഏഴാം ദിവസത്തിലേക്ക് കടന്നു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 45 ദിവസമായി ആശ പ്രവർത്തകർ സമരത്തിലാണ്.

==========================================

**ഭരത് മുരളി നാടകോത്സവം**

ഈ വർഷത്തെ ഭരത് മുരളി നാടകോത്സവത്തിന് ലോക നാടക ദിനമായ നാളെ തിരുവനന്തപുരത്ത് തിരശീല ഉയരും. അഞ്ച് ദിവസത്തെ നാടകോത്സവം ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം

PNU TVPM

ചെയ്യും. പാളയം സെനറ്റ് ഹൌസ് ക്യാമ്പസ്സിൽ വൈകുന്നേരങ്ങളിൽ രണ്ട് നാടകം വീതം ഉണ്ടാകും. പ്രവേശനം സൗജന്യം.

==========================================

**<u>തുരീയം സംഗീതോത്സവം</u>**

20-ാാ മത് തുരീയം സംഗീതോത്സവം കണ്ണൂർ പയ്യന്നൂരിൽ പുരോഗമിക്കുന്നു. ജൂലൈ 13 വരെ നടക്കുന്ന സംഗീതോത്സവത്തിൽ പ്രസിദ്ധരായ സംഗീതജ്ഞർ പങ്കെടുക്കും .

==========================================

**<u>കോഴിക്കോട് മെഡിക്കൽ കോളേജ് - പ്രതികൾ</u>**

കോഴിക്കോട് മെഡിക്കൽ കോളെജിൽ സുരക്ഷാ ജിവനക്കാരെ മർദിച്ച കേസിലെ എല്ലാ പ്രതികളേയും കോഴിക്കോട് കോടതി വെറുതെ വിട്ടു. 2022-ലാണ് കേസിനാസ്പദമായ സംഭവം. യുവജന സംഘടന പ്രവർത്തകരായിരുന്നു കേസിലെ പ്രതികൾ.

==========================================

**<u>കൈക്കൂലി പിടിയിലായി</u>**

കൈക്കൂലി വാങ്ങുന്നതിനിടെ പാലക്കാട് രണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥരെ വിജിലൻസ് പിടികൂടി. ഒലവക്കോട് ഡി. എഫ് ഒ ഓഫീസിലെ സർവേയർ ഫ്രാങ്ക്ളിൻ ജോർജ്ജ്, തിരുവാഴിയോട് ഫോറസ്റ്റ് ഓഫീസിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ കെ. എം.സുജിത് എന്നിവരാണ് പിടിയിലായത്.

====================

============================

==========================================

RNUTVPM